-2013 മുതൽ നടത്തിയ റഗുലർ പ്രമോഷൻ 31-5-2014 തിയ്യതി വച്ച് എ.ഇ.ഒ. പരിമിതപ്പെടുത്തിയിരിക്കുകയാൽ 1-6-2014 മുതൽ മാനേജർ വീണ്ടുമൊരു പ്രമോഷൻ ഉത്തരവു നൽകിയാൽ താത്കാലികമായി പ്രശ്നം പരിഹരിക്കാവുന്നതാണ്. അല്ലെങ്കിൽ ഹെഡ്മാസ്റ്റർ പ്രമോഷൻ പരിമിതപ്പെടുത്തിയ എ.ഇ.ഒ.യുടെ നടപടിക്കെതിരെ വിദ്യാഭ്യാസ ഡയരക്ടർക്ക് പരാതി നൽകി പരിഹാരം തേടാവുന്നതാണ്. എ.ഇ.ഒ.വിന്റെ നടപടി ചട്ടവിരുദ്ധമാകയാൽ മേലധികാരികളുടെ ഉത്തരവു വഴി മാത്രമേ അധ്യാപകന് നിയമപരമായ പരിരക്ഷ കിട്ടുകയുള്ളൂ.

## പ്രധാനാധ്യാപികയ്ക്ക് അതേ സർവീസുള്ള അധ്യാപകരെക്കാൾ ശമ്പളം കുറയുന്ന സ്ഥിതി എങ്ങനെയുണ്ടാവുന്നു?

**കൃഷ്ണകുമാരി. ജി.**
**എച്ച്.എച്ച്.പി.വി.എൻ.എസ്.എസ്.**
**എൽ.പി. സ്കൂൾ**
**മുണ്ടപ്പുഴ**

**?** ഞാൻ 20-6-1991ന് സർവീസിൽ പ്രവേശിച്ചു. 1-4-96ന് എന്നെ എച്ച്.എം. ആയി നിയമിച്ചു. 15 വർഷം പൂർത്തിയാക്കിയ 20-6-2006നു മാത്രമേ ഹെഡ്മാസ്റ്റർ സ്കെയിൽ അനുവദിച്ചു തന്നുള്ളൂ. എന്റെ നോർമൽ ഇൻക്രിമെന്റ് തിയ്യതി ജൂൺ ഒന്ന് ആയിരുന്നു. 2014 ശമ്പള പരിഷ്കരണത്തിന് 1-7-04 ഓപ്റ്റ് ചെയ്തു. 20-6-2006ന് എച്ച്.എം. സ്കെയിൽ ലഭിച്ചപ്പോൾ സ്കെയിലിന്റെ തുടക്കമായ 9590 രൂപയിൽ ശമ്പളം നിർണയിച്ചു. 20-6-2007ന് 16 വർഷം പൂർത്തിയാക്കിയതിനാൽ അന്നു തന്നെ നോഷനൽ സീനിയർ ഗ്രെയ്ഡിലൂടെ ശമ്പള നിർണയം നടത്തി 10070 രൂപയിൽ ശമ്പളം നിർണയിച്ചു. നോഷനൽ സീനിയർ ഗ്രെയ്ഡ് നിർണയം കൊണ്ട് ഒരു ഇൻക്രിമെന്റിന്റെ വർധനവു മാത്രമേ ഉണ്ടായിരുന്നുള്ളൂ. 2009 ശമ്പള പരിഷ്കരണത്തിന് ഓപ്ഷൻ കൊടുത്തത് 1-6-2010 പ്രാബല്യത്തിൽ ആണ്. 20-6-2013ന് 22 വർഷം സർവീസ് പൂർത്തിയാക്കിയതിനാൽ നോഷനൽ സെലക്ഷൻ ഗ്രെയ്ഡ് ലഭിക്കില്ലേ? നോഷനൽ സെലക്ഷൻ ഗ്രെയ്ഡ് വഴി രണ്ട് ഇൻക്രിമെന്റ് ലഭിക്കില്ലേ? 20-6-2014ന് എച്ച്.എം. സ്കെയിൽ ലഭിച്ച് 8 വർഷം പൂർത്തിയാക്കിയ എനിക്ക് എച്ച്.എം.ന്റെ ഹയർ ഗ്രെയ്ഡ് ലഭിക്കില്ലേ? എന്റെ അതേ സർവീസുള്ള പ്രൈമറി അധ്യാപകർക്ക് എന്നെക്കാൾ ശമ്പളം കൂടിയതെന്തു കൊണ്ട്? 1-6-13ന്റെ എന്റെ ശമ്പളം 21800 രൂപയാണ്.

■ മൊത്തം 22 വർഷ സർവീസ് പൂർത്തിയാക്കിയാൽ നോഷനൽ സെലക്ഷൻ ഗ്രെയ്ഡിലൂടെ വീണ്ടും ഹെഡ്മാസ്റ്റർ സ്കെയിലിൽ ശമ്പള നിർണയം നടത്താം. നിലവിലുള്ള ഉത്തരവനുസരിച്ച് നോഷനൽ സെലക്ഷൻ ഗ്രെയ്ഡ് നിർണയത്തിന് ഓപ്ഷൻ എടുക്കാവുന്നതല്ല. അർഹമായ തിയ്യതി വച്ചു തന്നെ ഗ്രെയ്ഡ് നിർണയം നടത്തണം. 20-6-13ന് നോഷനൽ ഗ്രെയ്ഡിലൂടെ ശമ്പളനിർണയം നടത്തിയാൽ ഒരു ഇൻക്രിമെന്റിന്റെ വർധനവ് മാത്രമേ നിങ്ങൾക്കു ലഭിക്കുകയുള്ളൂ. 20-6-13ന് 22360 രൂപയിൽ ശമ്പളം എത്തും.

നോഷനൽ ഗ്രെയ്ഡിന് ഓപ്ഷൻ അനുവദനീയമല്ലാത്തതിനാലും നോഷനൽ സീനിയർ ഗ്രെയ്ഡ് ശമ്പളത്തിൽ നിന്നും നോഷനൽ സെലക്ഷൻ ഗ്രെയ്ഡ് തിയ്യതിയിലെ ശമ്പളം കണ്ടെത്തുന്നതിനായി സാങ്കല്പികമായി ഇൻക്രിമെന്റ് നൽകി മുന്നോട്ടു പോകുന്നതിനിടയിൽ ശമ്പള പരിഷ്കരണം നടത്തേണ്ടി വരുമ്പോൾ അതിനും ഓപ്ഷൻ സൗകര്യമില്ലാത്തതിനാൽ ശമ്പള പരിഷ്കരണ തിയ്യതി വച്ച് ലോവർ സ്കെയിൽ റിവൈസ് ചെയ്യേണ്ടി വരുന്നതിനാലും നോഷനൽ ഗ്രെയ്ഡ് നിർണയത്തിലൂടെ എച്ച്.എം. സ്കെയിലിൽ വന്നാൽ പലർക്കും രണ്ട് ഇൻക്രിമെന്റ് വർധനവുണ്ടാകുന്നില്ല. എന്നാൽ ചിലർക്ക് നോഷനൽ സെലക്ഷൻ ഗ്രെയ്ഡ് നിർണയിക്കുക വഴി രണ്ട് ഇൻക്രിമെന്റ് വർധനവുണ്ടാകുന്നുണ്ട്. എന്നാൽ നിങ്ങളുടെ കാര്യത്തിൽ നോഷനൽ സീനിയർ ഗ്രെയ്ഡ് വഴിയും നോഷനൽ സെലക്ഷൻ ഗ്രെയ്ഡ് നിർണയം വഴിയും ഓരോ ഇൻക്രിമെന്റ് മാത്രമേ ലഭിക്കുന്നുള്ളൂ. അതേ സമയം നിങ്ങളുടെ അതേ സർവീസുള്ള അധ്യാപകന് സീനിയർ, സെലക്ഷൻ ഗ്രെയ്ഡ് കൊണ്ടും 4 ഇൻക്രിമെന്റ് ലഭിച്ചിട്ടുണ്ട്. എന്നാൽ നിങ്ങൾക്ക് നോഷനൽ സീനിയർ, സെലക്ഷൻ ഗ്രെയ്ഡിലൂടെ ശമ്പളനിർണയം നടത്തുമ്പോൾ ശമ്പള പരിഷ്കരണങ്ങൾക്ക് നിലവിലുള്ള ഓപ്ഷൻ ഇല്ലാതാവുകയും ശമ്പള പരിഷ്കരണ തിയ്യതി വച്ചു തന്നെ ശമ്പള പരിഷ്കരണം നടത്തേണ്ടി വരികയും ചെയ്യുന്നു. ഹെഡ്മാസ്റ്ററായി പ്പോയതു കൊണ്ട് നോഷനൽ ഗ്രെയ്ഡുകൾക്കും ശമ്പള പരിഷ്കരണങ്ങൾക്കും ഓപ്ഷൻ ഇല്ലാത്ത അവസ്ഥയാണ് ഉണ്ടായിട്ടുള്ളത്. അതു കൊണ്ടാണ് നിങ്ങളുടെ അതേ സർവീസുള്ള സഹാധ്യാപകന് ശമ്പളം കൂടുതൽ വന്നത്. സഹാധ്യാപകന്റെ ശമ്പള പരിഷ്കരണങ്ങളും ഗ്രെയ്ഡുകളും ഏറ്റവും ഗുണകരമായ തിയ്യതിയിൽ ഓപ്റ്റു ചെയ്തതു കൊണ്ടാണ് ശമ്പള പരിഷ്കരണം നടത്തിയിട്ടുള്ളത്. ഇക്കാരണത്താലാണ് നിങ്ങളെക്കാൾ സഹാധ്യാപകന് ശമ്പളം കൂടുന്ന സ്ഥിതിയുണ്ടാകുന്നത്.

നോഷനൽ ഗ്രെയ്ഡുകൾക്ക് ഓപ്ഷൻ അനുവദിക്കുന്നതിനു വേണ്ടിയും അപ്രകാരം നോഷനൽ ഗ്രെയ്ഡ് നിർണയം നടത്തുന്നതിനായി ലോവർ സ്കെയിലിന് ശമ്പള പരിഷ്കരണം ആവശ്യമായി വരുമ്പോൾ അതിനും ഓപ്ഷൻ അനുവദിക്കുന്നതിനു വേണ്ടിയും കെ.പി.പി.എച്ച്.എ. സർക്കാരിനു സമർപ്പിച്ച



www.ranjithkumarak.webs.com

നിവേദനത്തിന് അനുകൂലമായ ഉത്തരവ് ഏറെ താമസിയാതെ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നുണ്ട്. ആയതിനാൽ ആ ഉത്തരവു വന്നാൽ നോഷനൽ സെലക്ഷൻ ഗ്രേയ്ഡിലൂടെ ശമ്പളം നിർണയിക്കുമ്പോൾ രണ്ട് ഇൻക്രിമെന്റ് വർധനവുണ്ടാകുന്നതാണ്. ഇതിനായി അല്പം കാത്തിരിക്കുന്നത് നല്ലത്.

20-6-2014ന് നിങ്ങൾക്ക് ഹെഡ്മാസ്റ്ററുടെ 8 വർഷ ഹയർ ഗ്രേയ്ഡ് ലഭിക്കുന്നതാണ്. അതു നിർണയിക്കുമ്പോൾ നിങ്ങൾക്ക് രണ്ട് ഇൻക്രിമെന്റ് വർധനവുണ്ടാകും.

## സെലക്ഷൻ ഗ്രേയ്ഡിന് ഓപ്ഷൻ എടുത്ത ശേഷം ഓപ്ഷൻ തിയ്യതിക്കു മുമ്പ് ഹെഡ്മാസ്റ്ററായി പ്രമോഷൻ ലഭിച്ചാൽ ഗ്രേയ്ഡ് ഫിക്സേഷൻ നഷ്ടപ്പെട്ടു പോകുമോ?

**ജോസ് തോമസ്**
**കൂടരഞ്ഞി,**
**കോഴിക്കോട്.**

**?** ഞാൻ 22 വർഷം സർവീസുള്ള 16180-29180 സ്കെയിലിൽ 21240 അടിസ്ഥാന ശമ്പളത്തിൽ ജോലി ചെയ്യുന്ന അധ്യാപകനായിരുന്നു. 11-2-2014ന് സെലക്ഷൻ ഗ്രേയ്ഡ് അർഹമായി. എന്നാൽ എന്റെ ഇൻക്രിമെന്റ് തിയ്യതിയായ ജൂലായ് 1 ലേക്കു ഓപ്ഷൻ എടുത്തു. ഇതിനിടയിൽ 28-5-2014ന് എനിക്ക് ഹെഡ്മാസ്റ്ററായി പ്രമോഷൻ കിട്ടി. ഇതിന് 28എയുടെ 'ബി' ഓപ്റ്റു ചെയ്താൽ ലോവർ സ്കെയിലിലെ ഇൻക്രിമെന്റ് തിയ്യതിയിൽ സെലക്ഷൻ ഗ്രേയ്ഡ് നിർണയിച്ച ശേഷം എച്ച്.എം. സ്കെയിലിൽ 28 എ പ്രകാരമുള്ള ശമ്പള നിർണയം നടത്തിക്കൂടെ? അതോ ഗ്രേയ്ഡ് ഫിക്സേഷൻ നഷ്ടപ്പെട്ടു പോകുമോ?

■ നിങ്ങൾ സഹാധ്യാപകനായി ജോലി ചെയ്യവെ 11-2-2014ന് സെലക്ഷൻ ഗ്രേയ്ഡ് അർഹമായാൽ അതിന് ഓപ്ഷൻ എടുക്കാൻ നിങ്ങൾക്കവകാശമുണ്ട്. നിലവിലുള്ള സ്കെയിലിലെ അടുത്ത ഇൻക്രിമെന്റ് തിയ്യതിയായ 1-7-14ലേക്കാണ് നിങ്ങൾ ഓപ്ഷൻ എടുത്തിട്ടുള്ളത്. ധനകാര്യവകുപ്പിന്റെ നം.46/2008 fin datre 8-8-2008ന്റെ സർക്കുലറിലെ ഖണ്ഡിക 11 പ്രകാരം ഗ്രേയ്ഡിന് തൊട്ടടുത്ത ഇൻക്രിമെന്റ് തിയ്യതി വരെ ഓപ്ഷൻ എടുക്കാൻ അനുമതി നൽകിയിട്ടുള്ളതാണ്. തുടർന്ന് 28-5-2014ന് നിങ്ങൾക്ക് എച്ച്.എം. ആയി പ്രൊമോഷൻ ലഭിക്കുകയും ചെയ്തു. കെ.എസ്.ആർ. ഒന്നാം ഭാഗം ചട്ടം 28 എ യിലെ വ്യവസ്ഥ പ്രകാരം അതിലെ 'a', 'b' എന്നിവയിൽ ഏതെങ്കിലും ഒന്ന് ഓപ്റ്റ് ചെയ്യാനും നിങ്ങൾക്കവകാശമുണ്ട്. എയ്ഡഡ് സ്കൂൾ അധ്യാപകരെ സംബന്ധിച്ചേടത്തോളം ഹെഡ്മാസ്റ്ററായി അംഗീകാരം ലഭിച്ച തിയ്യതി മുതൽ ഒരു മാസത്തിനകം ഇതിനായി ഓപ്ഷൻ എടുക്കാൻ സ.ഉ.(പി)നം. 246/2012/പൊ.വി.വ. തിയ്യതി 28-7-2012 പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കെ.എസ്.ആർ. ഒന്നാം ഭാഗത്തിൽ കൊടുത്ത നിർദിഷ്ടഫോറത്തിൽ ആണ് ഇക്കാര്യത്തിൽ ഓപ്ഷൻ സമർപ്പിക്കേണ്ടത്. നിലവിലുള്ള നിങ്ങളുടെ ശമ്പള സ്കെയിൽ 16180-29180 ആണല്ലോ. ഇതിൽ നിന്നും ഉയർന്ന 16980-31360 സെലക്ഷൻ ഗ്രേയ്ഡ് സ്കെയിലിനു വേണ്ടിയാണ് 1-7-14ലേക്ക് ഓപ്റ്റ് ചെയ്തത്.

അതിനു ശേഷം അതിനെക്കാൾ ഉയർന്ന സ്കെയിലായ 18740-33680 സ്കെയിലാണ് പിന്നീട് 'b' ഓപ്ഷൻ നൽകിയത്. കെ.എസ്.ആർ. ഒന്നാം ഭാഗത്തിലെ ചട്ടം 28എയുടെ 'ഓപ്ഷൻ b' യിലെ പ്രസക്തഭാഗം ചുവടെ ഉദ്ധരിക്കുന്നു.

"Option (b):- Pay on the date of promotion will be initialy fixed at the stage of higher time scale of pay of the promoted post next above the pay in the lower time scale of pay. <u>There after fixation of pay under the rule will be allowed based on the pay in the lower post on the date opted by the promotee, i.e, on the date of increment in the lower post......"</u>

ഉദ്യോഗക്കയറ്റം ലഭിച്ച തിയ്യതിയിൽ ലോവർ ടൈം സ്കെയിലിലെ ശമ്പളത്തിന് തൊട്ടു മുകളിൽ വരുന്ന ഹയർടൈം സ്കെയിലിലെ സ്റ്റേജിൽ പ്രാരംഭ ശമ്പളം തിട്ടപ്പെടുത്തേണ്ടതും അതിനു ശേഷം, ഉദ്യോഗക്കയറ്റം ലഭിച്ച ആൾ നേരത്തെ 'b' പ്രകാരം ഓപ്ഷൻ എടുത്ത തിയ്യതിയിൽ ലോവർ തസ്തികയിലെ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ, അതായത് താഴത്തെ തസ്തികയിലെ ഇംക്രിമെന്റ് തിയ്യതിയിൽ ഈ ചട്ടപ്രകാരം ശമ്പളനിർണയം അനുവദിക്കുന്നതാണെന്നാണ് മേൽ ഉദ്ധരിച്ച ചട്ടത്തിൽ വ്യക്തമാക്കിയിരിക്കുന്നത്.

പ്രൊമോഷൻ തിയ്യതിയായ 28-5-14ന് നിങ്ങളുടെ ശമ്പളം 21240 രൂപയാണ്. മേൽചട്ടപ്രകാരം 21240 ന്റെ കൂടെ ഒരു ഇൻക്രിമെന്റ് ചേർത്ത്, അതായത് 560 രൂപ ചേർത്ത് എച്ച്.എം. സ്കെയിലായ 18740-33680 സ്കെയിലിൽ 21800 സ്റ്റേജിൽ ശമ്പളം തിട്ടപ്പെടുത്തേണ്ടതാണ്. അതിനു ശേഷം എന്താണു ചെയ്യേണ്ടതെന്ന് ചട്ടത്തിൽ അടിവരയിട്ടു കാണിച്ച ഭാഗത്ത് പ്രത്യേകം പറയുന്നുണ്ട്. അതായത് പ്രമോട്ട് ചെയ്യപ്പെട്ട ആൾ ഓപ്റ്റ് ചെയ്തിരിക്കുന്ന തിയ്യതിയിൽ ലോവർ തസ്തികയിലെ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ ശമ്പള നിർണയം നടത്തേണ്ടതാണെന്നാണ് ചട്ടത്തിൽ പറയുന്നത്. അപ്പോൾ നിങ്ങൾ ഓപ്ഷൻ 'b' പ്രകാരം ഓപ്റ്റ് ചെയ്തിരിക്കുന്ന തിയ്യതിക്ക്